No. CEE/1600/PGN-2020/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# പത്രക്കുറിപ്പ്

# പി.ജി നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശനം–2020–21

## മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്

2020-21 അദ്ധ്യയന വർഷത്തെ എം.എസ്.സി നേഴ്സിംഗ് കോഴ്സിലേയ്ക്ക് സർക്കാർ നേഴ്സിംഗ് കോളേജുകൾ മാത്രം ഉൾപ്പെടുത്തി മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ 05.01.2021 ന് ആരംഭിക്കുന്നതാണ്.

അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിലവിലെ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓപ്ഷൻ കൺഫർമേഷൻ, റദ്ദാക്കൽ, പുന:ക്രമീകരണം എന്നിവയ്ക്കായി **07.01.2021** മുതൽ **08.01.2021 വൈകുന്നേരം 4.00 മണി** വരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. **നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** സ്വാശ്രയ നേഴ്സിംഗ് കോളേജുകളിൽ നിലവിലുള്ള ഒഴിവുകൾ അതാത് കോളേജുകൾ നികത്തുന്നതായിരിക്കും. സ്വാശ്രയ നേഴ്സിംഗ് കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അതത് കോളേജുകളുമായി ബന്ധപ്പെടേണ്ടതാണ്.

അലോട്ടുമെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽപ്പ് ലൈൻ നമ്പർ **0471 2525300**

Sheetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
05.01.2021